പോലീസ് മിനിസ്റ്റർക്ക് കിട്ടിയിരിക്കുമെന്നു വിശ്വസിക്കുന്നു. ഇതിനെ സംബന്ധിച്ചു ഫാക്ടറി ബഹുമാനപ്പെട്ട പി. ഡബ്ലിയു. മിനിസ്റ്റർക്ക് പറയാനുള്ളതു പറയാം.

ശ്രീ. ടി. അബ്ദുൽമജീദ് : സർ, വലിയ മഴയുണ്ടായതിനുശേഷം, തീരപ്രദേശങ്ങളിൽ ചില ഭാഗത്തു്, ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, നായരമ്പലം, തലയ്ക്കോരി, നീണ്ടകര എന്നീ സ്ഥലങ്ങളിൽ കടലേറ്റമായി കടലാക്രമണങ്ങൾ ഉണ്ടായിട്ടുണ്ടു്. ഇതറിഞ്ഞയുടൻതന്നെ അടിയന്തിരനടപടികൾ എടുക്കാൻ കളക്ടർമാർക്കും, എൻജിനിയറിംഗ് ഉദ്യോഗസ്ഥന്മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടു്. കടലിലകപ്പെട്ട നഷ്ടം ഉണ്ടാകുന്നവർക്കു അൻപതു രൂപവരെ കൊടുക്കാം എന്നൊരു തീരുമാനം മുൻപുതന്നെ ഗവണ്മെൻറ് എടുത്തിട്ടുണ്ടു്. കടലാക്രമണത്തെ ചെറുക്കുന്ന വിഷയത്തിൽ, അടിയന്തിരമായി ചെയ്യേണ്ട എല്ലാ നടപടികളും എടുക്കുന്നുണ്ടു്. ചില സ്ഥലങ്ങളിൽ മണൽച്ചാക്കു് ഇട്ടു് തടയാൻ ശ്രമിക്കുന്നുണ്ടു്; പക്ഷേ, അതു് ഈ സമയത്തു് എത്രമാത്രം വിജയിക്കുമെന്നു നിശ്ചയമില്ല. വളരെ വേഗം എസ്റ്റിമേറു തയ്യാറാക്കി ഈ ഭാഗങ്ങളിൽ കടൽഭിത്തിയുണ്ടാക്കി, കടലാക്രമണത്തെ തടയാൻ വേണ്ട നടപടി സ്വീകരിക്കുണമെന്നു് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു നിർദ്ദേശം നൽകിയിരിക്കുകയാണു്. അതുപോലെതന്നെ റിലീഫു് പ്രവർത്തനങ്ങളും അടിയന്തിരമായി ആരംഭിക്കുണമെന്നു കളക്ടർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ടു്. ഈ വിധത്തിൽ, ഗവണ്മെൻറിനെ സംബന്ധിച്ചടത്തോളം അടിയന്തിരമായി ചെയ്യാവുന്ന കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുകയാണു്. ഇനിയും ഈ കാര്യത്തിൽ ശ്രദ്ധചെലുത്താമെന്നാണു് ഇപ്പോൾ പറയാനുള്ളതു്. അതുകൊണ്ടു് ഇവിടെ ഇതിനെപ്പറ്റി ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ : സർ, കടലാക്രമണം മൂലം നാറിൽചിലപ്രദേശം കൂടിലുകൾ പല ഭാഗത്തായി നശിച്ചിട്ടുണ്ടു്. എത്രയോ തെങ്ങുകൾ നഷ്ടപ്പെട്ടിട്ടുണ്ടു്. മലബാർഭാഗത്തു മാത്രമല്ല, തിരുവിതാംകൂർ-കൊച്ചി ഭാഗത്തും ഇതിൻറെ കെടുതികൾ ഉണ്ടായിട്ടുണ്ടു്. വളരെ സീരിയസായിട്ടുള്ള ഒരു കാര്യമാണിതു്. ഇതിനെപ്പറ്റി ഇവിടെ ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നു പറയുന്നതു് എന്താണെന്നു മനസ്സിലാകുന്നില്ല.

മി. സ്പീക്കർ : ഗവണ്മെൻറിൻറെയും, പൊതുജനങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരിക എന്നുള്ള നിലയിൽ ഇതൊരു അടിയന്തിരപ്രമേയമായി കൊണ്ടുവന്നതിനെ ആക്ഷേപിക്കുകയല്ല. ഇതിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിനു് ചെയ്യാവുന്ന എല്ലാ നടപടികളും എടുത്തിട്ടുണ്ടെന്നും, വേണ്ടത്ര ഗൗരവത്തോടുകൂടി ഈ കാര്യം ഗവണ്മെൻറ് വീക്ഷിക്കുന്നുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി വിശദമാക്കിയ സ്ഥിതിക്കു്, ഇനിയും ഇതൊരു അടിയന്തിരപ്രമേയം എന്ന നിലയിൽ ചർച്ച ചെയ്യണമെന്നു വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ സ്റ്റേറ്റുമെൻറിൻറെ വെളിച്ചത്തിൽ ഈ അടിയന്തിരപ്രമേയത്തിനു് അനുവാദം നിഷേധിക്കുകയാണു്.

ശ്രീ. കെ. സി. എബ്രഹാമിൻറെ അടിയന്തിരപ്രമേയത്തിനു് ആസ്പദമായ കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിക്കു പറയാനുള്ളതു പറയാം.

Police Excesses at Ankamali.

ശ്രീ. സി. അച്യുതമേനോൻ : സർ, ഈ കാര്യത്തെ സംബന്ധിച്ചുതന്നെ രണ്ടു ദിവസം മുൻപു് ശ്രീ. എം. എ. ആൻറണി രൂപം 66 അനുസരിച്ചു് ഒരു നോട്ടീസു് നൽകിയിരുന്നു. അതേ കാര്യം തന്നെയാണിതിൽ പരാമർശിക്കുന്നതും. ഏതായാലും അതിനെപ്പറ്റി ഞാൻ പറയാം. ഇതിൽ പറയുന്ന കാര്യങ്ങൾ അടിസ്ഥാനരഹിതമാണു്. ഇങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല. ശ്രീ. കെ. സി. എബ്രഹാം, രണ്ടു ദിവസം മുൻപു് ഫോണിൽ വിളിച്ചു് ഈ സംഗതി പറഞ്ഞു. ഞാൻ എറണാകുളം ഡി. എസ്. പി.യോടു വിവരം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

അന്വേഷിക്കുകയുണ്ടായി. ഇതിൽ പറയുന്നതുപോലുള്ള അക്രമങ്ങൾ ഒന്നും ഉണ്ടായിട്ടില്ലെന്നാണ് വിവരം കിട്ടിയതു്. അതുപോലെ അറസ്റ്റു ചെയ്തതു ശരിയാണു്; അതിൽ കുഴപ്പമായിട്ടൊന്നും ഉണ്ടായിട്ടില്ല.

ശ്രീ. കെ. സി. ഏബ്രഹാം : സർ, അറസ്റ്റു ചെയ്ത ആളുകളെ ആലുവാ വച്ചു ഞാൻ കാണുക ഉണ്ടായി. ആ അവസരത്തിൽ എന്റെ കൂടെ ഈ സംസ്ഥാനത്തെ ഒരു മുൻമന്ത്രിയും, ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്ന മറ്റു ചിലരും ഉണ്ടായിരുന്നു. ഡാക്ടർ അവരെ പരിശോധിക്കുകയും, മർദ്ദനം ഏറ്റിട്ടുള്ളതായി എന്നോടു പറയുകയും ചെയ്തു. മർദ്ദനത്തിന്റെ പാടുകളും ഞാനും കണ്ടു. മർദ്ദനത്തിനു വിധേയരായവരെ ആശുപത്രിയിൽ കൊണ്ടുപോകുകയും, ഡാക്ടർ പരിശോധിച്ചു മരുന്നു കൊടുക്കുകയും ചെയ്തിട്ടുണ്ടു്. നേരിട്ടു കണ്ട കാര്യം ഇവിടെ പറയുമ്പോൾ അതു വാസ്തവമല്ല എന്നു പറയുന്നതിൽ സങ്കടമുണ്ടു്. അങ്കമാലിയിൽ ഇപ്പോൾ വിദ്യാഭ്യാസപ്രക്ഷോഭണം വളരെ ശക്തിയായി നടക്കുന്ന ഒരവസരമാണു്. അതിൽ ഏർപ്പെട്ടിരിക്കുന്നവരെ, മദ്യവർജ്ജനപ്രക്ഷോഭണത്തിൽ പങ്കെടുത്തു എന്നും, പനംകുല ചെത്തിയെന്നു പറഞ്ഞും കേസുണ്ടാക്കി അറസ്റ്റു ചെയ്യുന്ന ഒരു നടപടിയാണു ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതു്. മദ്യവർജ്ജനപ്രക്ഷോഭണം ഒരു കുറ്റമായി ഞങ്ങൾ കരുതിയിട്ടില്ല; ഗവണ്മെന്റു അങ്ങനെ വിശ്വസിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല. പനംകുല വെട്ടുന്നതു് ന്യായരഹിതമാണെന്നു വാദത്തിനുവേണ്ടി സമ്മതിച്ചാൽ തന്നെ ആ കുറ്റത്തിനു അറസ്റ്റു ചെയ്തവരെ മർദ്ദിക്കുന്നതു ന്യായമാണോ? അറസ്റ്റു ചെയ്തവരെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി രാത്രിയിൽ മരട്ടിക്കുകയാണു ചെയ്തതു്. ഒരു ചെറുകുടിലിൽ കയറി 87 ദിവസം മാത്രം പ്രായമുള്ള ഒരു കുട്ടിയെ ചവുട്ടി അവശതയാക്കുകയും ചെയ്തു. വിവരം ഞാൻ മുഖ്യമന്ത്രിയേയും പോലീസു മന്ത്രിയേയും അറിയിക്കുകയും ചെയ്തു. മർദ്ദനം നടന്നിട്ടില്ലെന്നു മന്ത്രിയെ അറിയിച്ചതു പോലീസു ഉദ്യോഗസ്ഥനാണു്. പോലീസിൽ നിന്നു മറുവാദത്തിൽ റിപ്പോർട്ടു ചെയ്യുകയില്ലല്ലൊ.

ശ്രീ. സി. അച്യുതമേനോൻ: സർ, ഈ കാര്യത്തെ സംബന്ധിച്ചു് അറിഞ്ഞിട്ടുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു പോലെ വിദ്യാഭ്യാസ ആക്ടിനെതിരായിട്ടുള്ള സമരമല്ല അങ്കമാലിയിൽ നടക്കുന്നതു്. അതിനല്ല അവിടെ അറസ്റ്റു നടന്നതു്. അങ്കമാലിയിൽ ചെത്തുതൊഴിലാളി സൊസൈറ്റി നടത്തുന്ന കള്ളുഷാപ്പുകളുടെ പ്രവർത്തനം സ്തംഭിപ്പിക്കാനും, ഷാപ്പുകൾ നടത്താതിരിക്കുന്നതിനു പിക്കറ്റിംഗ്, മറ്റു പ്രകടനങ്ങൾ മുതലായവ നടത്തുന്നതിനും ഒരുകൂട്ടർ ശ്രമിച്ചതായും, ചെത്തുതൊഴിലാളികളെ ഹിംസിക്കാനും, ഭീഷോപദ്രവമേല്പിക്കാനും ശ്രമം നടത്തുന്നതായും പരാതി ഉണ്ടായിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണു് അറസ്റ്റും മറ്റും ഉണ്ടായിട്ടുള്ളതു്. ശ്രീ. കെ. സി. ഏബ്രഹാം പറഞ്ഞതുപോലെയുള്ള പരാതികൾ ഒന്നും ഉണ്ടായിട്ടില്ല; പക്ഷേ ഇത്തരം പരാതികൾ ഇനിയും ഉണ്ടാകാൻ ഇടയുണ്ടെന്നു ഗവണ്മെന്റിനറിയാം. ഇതിനെ സംബന്ധിച്ചു് വേണ്ട അന്വേഷണം നടത്തിയതിൽ ഇതു് അടിസ്ഥാനരഹിതമാണെന്നു മനസ്സിലായിട്ടുണ്ടു്.

ശ്രീ. പൊന്നറ ജി. ശ്രീധർ : അങ്ങനെയുള്ള പരാതികൾ ഉണ്ടാകാതെ ഞങ്ങൾ സൂക്ഷിച്ചുകൊള്ളാം.

ശ്രീ. സി. എ. മാത്യു : ഇനിയും ഇങ്ങനെയുള്ള പരാതികൾ ഉണ്ടാകുമെന്നറിയാം എന്നു പറഞ്ഞതിന്റെ അർത്ഥം എന്താണെന്നു മനസ്സിലായില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ : നല്ല മലയാളത്തിലാണ് പറഞ്ഞത്; അർത്ഥം ഗ്രഹിക്കാൻ എല്ലാവർക്കും സാധിക്കുമെന്നാണ് തോന്നുന്നത്.

ശ്രീ. സി. എ. മാത്യു : പോലീസുമന്ത്രി പറഞ്ഞതിന്റെ അർത്ഥം മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ഇനിയും ഇങ്ങനെയുള്ള പരാതികൾ ഉണ്ടാകാൻ ഇടയുണ്ടെന്നു പറയുന്നതിന്റെ അർത്ഥം ചോദിച്ചപ്പോൾ, മലയാളത്തിലാണോ, സംസ്കൃതത്തിലാണോ സംസാരിച്ചതെന്നു പറയാതെ കാര്യം വ്യക്തമാക്കുകയാണു വേണ്ടത്.

ശ്രീ. കെ. സി. ഏബ്രഹാം : സർ, അവിടെ ഒരു കുഴപ്പവും ഉണ്ടായിട്ടില്ലെന്നു പറയുന്നു. പോലീസുകാർ രാത്രിസമയത്തു് ഒരു കടിലിൽ കയറി ചെന്നു് ഉറങ്ങിക്കിടന്ന 87 ദിവസം മാത്രം പ്രായമുള്ള ഒരു കുഞ്ഞിന്റെ ദേഹത്തു ചവുട്ടി പരുക്കേറ്റിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ : സർ, ബഹുമാനപ്പെട്ട മന്ത്രി.....

ശ്രീ. സി. അച്യുതമേനോൻ : സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ഇവിടെ ഒരു അടിയന്തിരപ്രമേയത്തെപ്പറ്റി മന്ത്രിക്കു പറയാനുള്ളതു പറഞ്ഞുകഴിഞ്ഞാൽ, അതിനെപ്പറ്റി എല്ലാവർക്കും സംസാരിക്കാനും, ഒരു ചോദ്യോത്തരവേളയായി ഇതു ഉപയോഗപ്പെടുത്താനും അവകാശമുണ്ടോ ?

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ : മന്ത്രി പറഞ്ഞതു മനസ്സിലാക്കണമെന്നുള്ളതുകൊണ്ടാണു് ചോദിക്കുന്നതു്.

മി. സ്പീക്കർ : ആർഡർ, ആർഡർ. ഒന്നാമതു് ഇതൊരു അടിയന്തിരപ്രമേയമായി പരിഗണിക്കാൻ അത്ര പ്രാധാന്യമുള്ള തല്ല; ഒരു പ്രത്യേക സ്ഥലത്തു് ഉണ്ടായിട്ടുള്ള ഒരു സംഭവത്തെപ്പറ്റിയാണു് ഇതിൽ പറയുന്നതു്. അതു് ഒരു അടിയന്തിരപ്രമേയത്തിന്റെ ഗൗരവസ്വഭാവത്തോടുകൂടി ഇവിടെ കൊണ്ടുവന്നു ചർച്ചചെയ്യാതെ, മറേതെങ്കിലും വിധത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്താവുന്നതേയുള്ളു. അതുകൊണ്ടു് ഇതിനു് അനുവാദം നിഷേധിക്കുകയാണു്.

ശ്രീ. സി. എ. മാത്യു : ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയുടെ വെളിച്ചത്തിൽ ഇതൊരു പൊതുസ്വഭാവത്തിൽ വരുന്നതാണെന്നു തോന്നിപ്പോകുന്നു. അതുകൊണ്ടു് ഇതു ചർച്ചചെയ്യാവുന്നതാണു്.

ശ്രീ. കെ. എ. ജലീൽ : ഇതിനെപ്പറ്റി ഒരു ചർച്ച അനുവദിക്കുകയാണോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : അങ്ങനെ ഒരു അടിയന്തിരപ്രമേയത്തിന്റെ സ്വഭാവം ഇതിനു് ഉണ്ടാകുകയാണെങ്കിൽ അപ്പോൾ അങ്ങനെ സ്വീകരിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇങ്ങനെയുള്ള ആരോപണങ്ങളും കൊണ്ടുവരുമെന്നു ഗവണ്മെന്റിനറിയാമെന്നാണു് പറയുന്നതെങ്കിൽ, ഇങ്ങനെ കൊണ്ടുവരുന്നതിനു് ഇത്തരത്തിലുള്ള മറുപടിയാണു കിട്ടുന്നതെന്നു ഞങ്ങൾക്കും അറിയാം എന്നേ പറയാനുള്ളു.

ശ്രീ. ഇ. പി. ഗോപാലൻ : ഇന്നരീതിയിലുള്ള മറുപടി വേണം പറയാൻ എന്നു മുൻകൂട്ടി അറിയിച്ചാൽ സൗകര്യമായിരിക്കും.

The adjournment motions were disallowed.

LIBRARY ARCHIVES Kerala Legislative Assembly